**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1407  20.01.2014 - ൽ മറുപടിക്ക്**

## ദേശീയപാതവികസനത്തിന് കേന്ദ്രസഹായം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.വി.റ്റി.ബൽറാം**<br>**ശ്രീ.കെ.അച്യുതൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.വി.ഡി.സതീശൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് കേന്ദ്ര സർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി നൽകുന്നത്; വിശദമാക്കുമോ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ?

(എ) (ബി) (സി) & (ഡി) രാജ്യത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനത്തിനായിട്ടാണ് National Highway Development Project (NHDP) വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ എൻ.എച്ച്. 17 ഉം, എൻ.എച്ച്. 47 ഉം NHDP Phase II, III - ൽ പ്പെടുത്തി BOT (Toll) വ്യവസ്ഥയിൽ സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായും, മറ്റ് 5 ദേശീയപാതകൾ (എൻ.എച്ച്. 49. എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 220) പേവ്ഡ് ഷോൾഡറോടുകൂടി BOT (Toll) വ്യവസ്ഥയിൽ 2 വരിപാതയായി NHDP Phase IV A -ൽ ഉൾപ്പെടുത്തിയുമാണ് വികസിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്പോൾ തന്നെ 2 വരിയുള്ള ഈ റോഡുകൾ Toll വ്യവസ്ഥയിൽ വികസിപ്പിക്കുന്നത് കേരള സാഹചര്യത്തിനു അഭികാമ്യമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് എൻ.എച്ച്. 49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നീ പാതകളെ NHDP യിൽ നിന്നും വേർപെടുത്തിയിട്ടുണ്ട്. നിലവിൽ എൻ.എച്ച്. 17 -ന്റെയും

എൻ.എച്ച്. 47 -ന്റെയും വികസനം എൻ.എച്ച്.എ.ഐ. നടപ്പിലാക്കി വരുന്നു. NHDP Phase IV A -ൽ നിന്നും വേർപെടുത്തിയ ദേശീയപാതകളുടെ വികസനം കേന്ദ്രത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇനി നടപ്പിലാക്കേണ്ടത്.

2013-14 വർഷത്തെ പദ്ധതിയിൽ ഈ ദേശീയപാതകളുടെ വികസനത്തിനായി 135.35 കോടി രൂപ (റോഡ് 97.2 കോടി, പാലങ്ങൾ 38.15 കോടി) വകയിരുത്തി യിട്ടുണ്ട്. ഇതിനായുള്ള എസ്റ്റിമേറ്റുകൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ദേശീയപാതകളുടെ ഉപരിതലം പുതുക്കുന്നതിനായി 51.63 കോടി രൂപ നോൺ പ്ലാനിൽ ഉൾപ്പെടുത്തി അതിൽ 50.42 കോടിക്കുള്ള 9 പണികൾ അംഗീകാരം നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ദേശീയ പാത 47 -ന്റെ ഭാഗമായ കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ 50:50 വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും ചെലവു വഹിച്ചുകൊണ്ട് വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസ് SPEEID Kerala പദ്ധതി യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞു. ഇതിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

Salithe

സെക്ഷൻ ഓഫീസർ